ഭരണഭാഷ–മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.സി6/70044/എച്ച്.എസ്.ഇ/2017 തീയതി : 04/08/2017

## സർക്കുലർ

വിഷയം :– ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ് – ജീവനക്കാര്യം – 2017–2018 പൊതുസ്ഥലംമാറ്റ അപേക്ഷയിലെ ഹോംസ്റ്റേഷൻ– സംബന്ധിച്ച്.

സൂചന :– 21/07/2017, 28/07/2017, 03/08/2017 തീയതികളിലെ ഇതേ നമ്പർ സർക്കുലർ

1. ഗവ:ഹയർ സെക്കന്ററി അദ്ധ്യാപരുടെ 2017–2018 വർഷത്തെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഹോംസ്റ്റേഷൻ ഡിക്ലേയർ ചെയ്തവരിൽ പലരും അയതിന്റെ സാധുത തെളിയിക്കുന്ന രേഖകൾ (ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, റേഷൻ കാർഡ്, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിച്ചതായി കാണുന്നില്ല. ഓരോ അദ്ധ്യാപിക/അദ്ധ്യാപകരും മേൽപ്പറഞ്ഞ രേഖകളുടെ പകർപ്പുകൾ പ്രിൻസിപ്പാളിന് കൈമാറേണ്ടതും ആയത് പ്രിൻസിപ്പാൾ തീയതി വച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന അവസരത്തിൽ ആയത് ലഭ്യമാക്കേണ്ടതുമാണ്. ക്രമപ്രകാരമല്ലാത്ത രേഖകൾ സമർപ്പിക്കപ്പെടുന്നതിന്റെ ഉത്തരവാദിത്തം അതത് പ്രിൻസിപ്പലിനായിരിക്കും.

   മേൽപ്പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ തെരഞ്ഞെടുത്ത ഹോംസ്റ്റേഷനുകൾ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതല്ല. നിർദ്ദേശിച്ച രീതിയിലല്ലാതെ ഹോംസ്റ്റേഷൻ തെരഞ്ഞെടുക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്ത അദ്ധ്യാപകർ ആയത് തിരുത്തുന്നതിലേയ്ക്കായി അതാത് പ്രിൻസിപ്പാൾമാർ മുഖേന പ്രിൻസിപ്പാൾ login-ൽ reset ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) teacher login-ചെയ്യുന്നതിലേയ്ക്കുള്ള പാസ്‌വേർഡ് മറന്ന് പോയ അദ്ധ്യാപകർ ആയത് റീസെറ്റ് ചെയ്ത് നൽകുന്നതിന് പ്രിൻസിപ്പാളിനോട് ആവശ്യപ്പെടാവുന്നതാണ്. ആയതിനുള്ള സൗകര്യം പ്രിൻസിപ്പാൾ ഐ.ഡിയിൽ നൽകിയിട്ടുണ്ടെന്നും അറിയിക്കുന്നു.

ഒപ്പ്/–
ഡോ.പി.പി.പ്രകാശൻ
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടർ(ഇൻ ചാർജ്)

പകർപ്പ്:
എല്ലാ ഹയർ സെക്കന്ററിസ്കൂൾ പ്രിൻസിപ്പൽമാർക്കും അദ്ധ്യാപകർക്കും